# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# വനിതാ സൗഹൃദക്ലബ്

## പരിയാരം

ജൂലൈ 20 ന് പരിയാരം വനിതാ സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ശ്രീമതി സുഹറ സ്വാഗതം ആശംസിച്ചു. ശ്രീമതി ഖദീജ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി റാഫിയ നന്ദി പറഞ്ഞു. ശ്രീമതി വൽസ മീറ്റിംഗിന് നേതൃത്വം നൽകി. 16 പേർ മീറ്റിംഗിൽ പങ്കെടുത്തു.





## താഴത്തുവയൽ

ആഗസ്റ്റ് 5 ന് താഴത്തുവയൽ വനിതാ സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ശ്രീമതി ഫിലോമിന സ്വാഗതം ആശംസിച്ചു. ശ്രീമതി രുഗ്മിണി അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി അനു നന്ദി പറഞ്ഞു. ശ്രീമതി മിനി സാജു മീറ്റിംഗിന് നേതൃത്വം നൽകി. 9 പേർ മീറ്റിംഗിൽ പങ്കെടുത്തു.

## അടിച്ചിലാടി

ആഗസ്റ്റ് 13 ന് അടിച്ചിലാടി വനിതാ സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ശ്രീമതി വസന്ത സ്വാഗതം ആശംസിച്ചു. ശ്രീമതി ലിമ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി രാധ നന്ദി പറഞ്ഞു. ശ്രീമതി മിനി സാജു മീറ്റിംഗിന് നേതൃത്വം നൽകി. 8 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# വിദ്യാർത്ഥി സൗഹൃദക്ലബ്



ജൂലൈ 5 ന് ആർമാട് വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി അജ്ഞന സ്വാഗതം ആശംസിച്ചു. ശ്രീമതി സൂര്യ, ശ്രീമതി മിനി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 18 പേർ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 27 ന് പൊൻകുഴി വിദ്യാർത്ഥി – യുവജന ക്ലബ് മീറ്റിംഗ് നടത്തി. ലീഡർ വിക്കി സ്വാഗതം ആശംസിച്ചു. ആദിവാസി ദിനാചരണം പൊൻകുഴി വെച്ച് നടത്താൻ തീരുമാനിച്ചത് മാനന്തവാടിയിൽ വെച്ചാണ് നടക്കുന്നത് എന്ന കാര്യം ജ്യോതിഷ് വിശദീകരിച്ചു. ഫസിലിറ്റേറ്ററായ അജ്ഞുവിന് ജോലി ആവശ്യാർത്ഥം പോകേണ്ടതിനാൽ അഭിശാന്തിനെ പുതിയ ഫസിലിറ്റേറ്ററായി തിരഞ്ഞെടുത്തു. അഭിശാന്ത് നന്ദി പറഞ്ഞു. 22 പേർ പങ്കെടുത്തു.





ആഗസ്റ്റ് 2 ന് വെള്ളമുണ്ട പഞ്ചായത്തിലെ കരിങ്ങാരി വിദ്യാർത്ഥി ക്ലബ് മീറ്റിംഗ് നടത്തി. ഫസിലിറ്റേറ്റർ അഖില സ്വാഗതം ആശംസിച്ചു. ആദിവാസി ദിനാചരണത്തിനുവേണ്ടി വട്ടക്കളി, നാടൻപാട്ട് മത്സരങ്ങൾക്കായി പ്രാക്റ്റീസ് നടത്തി. കുട്ടികളുടെ വിവരശേഖരണം നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ഇന്ദുലേഖ എന്നിവർ നേതൃത്വം നൽകി. 16 പേർ പങ്കെടുത്തു.



ആഗസ്റ്റ് 24 ന് മേപ്പാടി പഞ്ചായത്തിലെ പരൂർക്കുന്ന് ഉന്നതിയിൽ വിദ്യാർത്ഥി സൗഹൃദക്ലബ് രൂപീകരിച്ചു. ശ്രീ സുഭാഷ് സ്വാഗതം ആശംസിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിദ്യാർത്ഥി സൗഹൃദ ക്ലബിനെക്കുറിച്ചും ശ്രീ ജ്യോതിഷ് വിശദീകരിച്ചു. പ്രവീണ, ശിബിൻ എന്നിവരെ ക്ലബ് ലീഡർമാരായി തിരഞ്ഞെടുത്തു. മയൂരി നന്ദി പറഞ്ഞു. 31 പേർ പങ്കെടുത്തു.



# പീസ് കമ്മിറ്റി

ആഗസറ്റ് 11 ന് ഉച്ചകഴിഞ്ഞ് 2.30 ന് അമ്പലവയൽ പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. കോർ ടീം വോളണ്ടിയർ ശ്രീമതി വൽസ തങ്കച്ചൻ സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷീജ ബാബു അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ഷമീർ ഉത്ഘാടനം ചെയ്തു. ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. പ്രമോട്ടർ ശ്രീ ലിബിൻ നന്ദി പറഞ്ഞു. 13 പേർ മീറ്റിംഗിൽ പങ്കെടുത്തു.



# ഏകദിന ശില്പശാല

ജൂലൈ 19 ന് വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് നീതിവേദിയുടെയും വിജ്ഞാൻ ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സ്വാഗതം ആശംസിച്ചു. ലൈബ്രറി പ്രസിഡന്റ് ശ്രീ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി സൽമത്ത് ഇ കെ ഉത്ഘാടനം ചെയ്തു. ശ്രീ ഇ ജി ജോസഫ് സാർ ക്ലാസ്സിന് നേതൃത്വം നൽകി. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് മോഡറേറ്ററായിരുന്നു. ശ്രീമതി ഇന്ദുലേഖ നന്ദി പറഞ്ഞു. 51 പേർ പരിപാടിയിൽ പങ്കെടുത്തു.



# ആദിവാസി ദിനാചരണം

ആഗസ്റ്റ് 9 ന് അന്തർദേശീയ ആദിവാസി ദിനാചരണം മാനന്തവാടി പാവന സെന്ററിൽ വെച്ച് ആഘോഷിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം ചെറുവയൽ ഊരുമൂപ്പൻ ശ്രീ വെള്ളി ഉത്ഘാടനം ചെയ്തു. കവിയും ഊരുമൂപ്പനുമായ ശ്രീ സുകുമാരൻ ചാലിഗദ്ധ മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി മാക്കമ്മ, ശ്രീമതി വെള്ളമ്മ, ശ്രീ രാജഗോപാൽ എന്നിവർ കുട്ടികളുമായി ജീവിത അനുഭവങ്ങൾ പങ്കുവെച്ചു. ശ്രീ ഇ.ജി ജോസഫ്, അഡ്വ.ജോമോൾ ജോയി, ശ്രീമതി മിനി സാജു എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കുട്ടികളുടെ വട്ടക്കളി, നാടൻപാട്ട് മത്സരങ്ങൾ നടത്തി. വിജയികളായ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 1001,751,501 രൂപ വീതവും മറ്റുള്ള ടീമുകൾക്ക് 251 രൂപ വീതം പ്രോത്സാഹന സമ്മാനവും നൽകി. ശ്രീ ജ്യോതിഷ് നന്ദി പറഞ്ഞു. 62 പേർ പരിപാടിയിൽ പങ്കെടുത്തു.

















# കനൽ ക്യാമ്പ്

ആഗസ്റ്റ് 9,10 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് കനൽ ക്യാമ്പ് സംഘടിപ്പിച്ചു. ആഗസ്റ്റ് 9 ന് വൈകുന്നേരം കുട്ടികളെ നരിവേട്ട സിനിമ കാണിച്ചു. ശ്രീ ലിബിൻ, ശ്രീ ബിനു, ശ്രീ സിജു എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ പത്താംക്ലാസ്സിലെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക് എന്നീ വിഷയങ്ങളുടെ അടിസ്ഥാന പാഠങ്ങൾ നീതിവേദി പ്രവർത്തകർ കുട്ടികളെ പഠിപ്പിച്ചു. 56 പേർ ക്യാമ്പിൽ പങ്കെടുത്തു.
















# മറ്റ് പ്രവർത്തനങ്ങൾ



2025 ജൂലൈ 1 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ രണ്ട് കിടപ്പുരോഗികൾക്ക് ചികിത്സാ സഹായം നൽകി.




ജൂലൈ 5 ന് മുണ്ടക്കൈ –ചൂരൽമല ദുരന്തബാധിതരായ പുഞ്ചിരിമട്ടം ആദിവാസി സഹോദരങ്ങൾക്ക് ടിവി സെറ്റ് വാങ്ങി നൽകി.

ജൂലൈ 10 ന് പൊഴുതന പഞ്ചായത്തിലെ ഇ.എം.എസ് ഊരിലെ 25 വിദ്യാർത്ഥികൾക്ക് ബുക്ക്, പേന, പെൻസിൽ, ക്രയോൺസ് എന്നിവ വാങ്ങി നൽകി.



ആഗസ്റ്റ് 5 ന് വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഗീത നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.




ആഗസ്റ്റ് 13 ന് തിരുവനന്തപുരത്ത് വെച്ച് നടന്ന വനിതാശിശുവികസന വകുപ്പ് സംഘടിപ്പിച്ച മീറ്റിംഗിൽ നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയി പങ്കെടുത്തു.

ആഗസ്റ്റ് 23 ന് ഉച്ചകഴിഞ്ഞ് കൽപ്പറ്റ കളക്ടറേറ്റിൽ വെച്ച് നടന്ന വയനാട് ജില്ലാ ഇന്റർ ഏജൻസി എക്സിക്യൂട്ടീവ് മീറ്റിംഗിൽ നീതിവേദിയെ പ്രതിനിധീകരിച്ച് ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.



# ഓണാഘോഷം

ആഗസ്റ്റ് 29 ന് നീതിവേദി സ്റ്റാഫ് അംഗങ്ങളുടെയും ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ മത്സരങ്ങൾ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.










ഓണാശംസകൾ
തിരുവോണം ഒരു ഓർമ്മപ്പെടുത്തലാണ്.
പരസ്പരം സ്നേഹിച്ചും പങ്കുവെച്ചും
ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി
ജീവിക്കാൻ ഇനിയും സാധിക്കുമെന്ന
ഓർമ്മപ്പെടുത്തൽ...
ജാതിയും മതവും സമ്പത്തും സ്ഥാനമാനങ്ങളും
അതിന് തടസ്സമാകേണ്ടതില്ല.
നന്മനസ്സുള്ള ഏവർക്കും നീതിവേദി കുടുംബത്തിന്റെ
ഹൃദ്യമായ ഓണാശംസകൾ...
NEETHI VEDHI
സുധിക്കവല, കാക്കവയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org